**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ കിഴക്കൻ ലഡാക്കിൽ വച്ച് മരണപ്പെട്ട ഹവിൽദാർ.അനിൽകുമാർ വി വി-യുടെ ഭാര്യ ശ്രീമതി.റീനാമോൾ എം.വി -യ്ക്ക് രജിസ്ട്രേഷൻ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സൈനിക ക്ഷേമ (എ) വകുപ്പ്

**സ.ഉ(കൈ)നം.3/2023/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം : 12/01/2023**

---

പരാമർശം:- 1. 29.04.2002 ലെ സ.ഉ (പി)110/2002/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

2. 27.09.2022 ലെ സ.ഉ(കൈ)നം.40/2022/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.

3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 12.12.2022 ലെ ഐ.ജി.ആർ/ 5637/2022-ഇ 5 നമ്പർ കത്ത്.

## ഉത്തരവ്

സൈനിക സേവനത്തിലിരിക്കെ കിഴക്കൻ ലഡാക്കിൽ വച്ച് പ്രതികൂല കാലാവസ്ഥ കാരണം മരണപ്പെട്ട ഹവിൽദാർ അനിൽകുമാർ വി.വി. യുടെ ഭാര്യ ശ്രീമതി.റീനാമോൾ എം.വി – യ്ക്ക് പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം 2 ൽ ഉത്തരവായിരുന്നു.

2. ശ്രീമതി റീനാമോൾ എം.വി-യ്ക്ക് നിയമനം നൽകുന്നതിനായി രജിസ്ട്രേഷൻ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് ലഭ്യമാണെന്ന് പരാമർശം 3 കത്ത് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 30.08.2019 ന് കിഴക്കൻ ലഡാക്കിൽ വച്ച് മരണപ്പെട്ട കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ മയ്യിൽ വില്ലേജിൽ, മയ്യിൽ(പി.ഒ), സാരംഗിയിൽ ഹവിൽദാർ.അനിൽകുമാർ വി.വി യുടെ ഭാര്യ ശ്രീമതി.റീനാമോൾ എം.വി- യ്ക്ക് പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ

പ്രകാരം, രജിസ്ട്രേഷൻ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം നിയമനം നൽകി ടിയാരിയെ കണ്ണൂർ ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകിയ വിവരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.റീനാമോൾ എം.വി, സാരംഗി, മയ്യിൽ പി.ഒ, തളിപ്പറമ്പ് താലൂക്ക്, കണ്ണൂർ-670 602 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം).
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം,തിരുവനന്തപുരം. ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ